**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5668** **16-03-2023 - ൽ മറുപടിയ്ക്ക്**

**വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ ഡാറ്റാ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് നോർക്ക വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികളാണ് നിലവിൽ വിദേശത്ത് പഠിക്കുന്നത് എന്ന് അറിയിക്കുമോ; | (എ) | വിദേശങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ വിവരശേഖരണത്തിനായി നോർക്ക റൂട്ട്സ്, പ്രവാസി സ്റ്റുഡന്റ്സ് ഐ.ഡി കാർഡ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. 54 വിദേശ രാജ്യങ്ങളിലായി 2034 വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേയ്ക്ക് മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ പഠനം തുടരാൻ സഹായിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോർക്ക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ തുടർപഠനം സാധ്യമാക്കിയിട്ടുണ്ട്; ഇത് സംബന്ധിച്ച് പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സെൽ വഴി നടത്തിവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നോർക്ക റൂട്ട്സിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ സഹകരണത്തോടെ ഇൻഫർമേഷൻ ഫെസിലിറ്റി ആൻഡ് ഗ്രീവൻസ് റിഡ്രസ്സൽ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഉക്രൈനിൽ നിന്നും മടങ്ങിയെത്തിയ വിദ്യാർത്ഥികളും രക്ഷാകർത്താക്കളും സെല്ലിന്റെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും, സർക്കാരിന്റെ പിന്തുണ അറിയിക്കുന്നതിനുമായി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഒരു കൺവെൻഷൻ 2022 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരത്ത് ചേരുകയുണ്ടായി .<br><br>മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനവുമായി ബന്ധപ്പെട്ട വിഷയത്തിൽ കേന്ദ്ര സർക്കാരും, കേന്ദ്ര സർക്കാർ ഏജൻസികളുമാണ് തീരുമാനമെടുക്കേണ്ടത്. അതിനാൽ ഇവർക്ക് മറ്റ് വിദേശ സർവ്വകലാശാലകളിൽ തുടർപഠനം സാധ്യമാക്കുന്നതിനും യുദ്ധ സാഹചര്യത്തിൽ നഷ്ടപ്പെട്ട വിദ്യാഭ്യാസ രേഖകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ തിരികെ ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട് .<br><br>ഉക്രൈനിലെ മെഡിക്കൽ സർവ്വകലാശാലകളിൽ നിന്നും അക്കാദമിക്ക് ട്രാൻസ്ക്രിപ്റ്റുകളും മറ്റ് രേഖകളും വിദ്യാർത്ഥികൾക്ക് തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുവാൻ കേന്ദ്ര മാനവശേഷി മന്ത്രാലയത്തോടും ഉക്രൈനിലെ ഇന്ത്യൻ എംബസിയോടും അഭ്യർത്ഥിച്ചിട്ടുണ്ട് .<br><br>പഠനം മുടങ്ങിയ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ തന്നെ തുടർ പഠനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതിനും പ്രാക്ടിക്കൽ ട്രെയിനിംഗ് , ഇന്റേൺഷിപ്പ് , ഒബ്സർവർഷിപ്പ് തുടങ്ങിയവ അനുവദിക്കുന്നതിനും മറ്റ് ഇളവുകൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ദേശീയ മെഡിക്കൽ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട് .<br><br>ഇവർക്ക് വിദ്യാഭ്യാസ ലോൺ അനുവദിക്കുന്ന കാര്യത്തിൽ ഇളവനുവദിക്കുവാനും വായ്പകൾക്ക് മൊറൊട്ടോറിയം ഉൾപ്പെടെയുള്ള കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുവാനും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ